LIBRARY ARCHIVES Kerala Legislative Assembly

അവലോകന കമ്മിറ്റികൾ, തദ്ദേശീയമായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ലോക്കൽ അഡ്വൈസറി കമ്മിറ്റികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനത്തിന് പാർലമെന്റ് അംഗങ്ങൾ, ജില്ലാ കളക്ടർ എന്നിവർ ഉൾപ്പെട്ടിട്ടുള്ള 26-7-2016-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം " DISHA" എന്ന ജില്ലാതല കമ്മിറ്റി തുടങ്ങിയവ നിലവിലുണ്ട്. വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര ആദിവാസി കോളനികളുടെ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണരംഗത്തെ കേന്ദ്ര നിയമനിർമ്മാണം

186(3618) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യകമ്പനികൾക്ക് അവസരം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനവുമായി കൂടിയാലോചിച്ചിരുന്നുവോ എന്നറിയിക്കാമോ?

വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ കമ്പനികൾക്ക് അവസരം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനവുമായി കൂടിയാലോചിച്ചിരുന്നു. ഇതു സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഡീ-ലൈസൻസിംഗ്, തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താനിടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്കുള്ളവ) വഴിയുള്ള ബാദ്ധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാദ്ധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.